**"കാർഷിക ഉപദേശക സമിതിയുടെ പ്രവർത്തനം"**

94 [2846] *പ്രൊഫ. കെ. വി. തോമസ്:*
*ശ്രീ. ഇ. എം. അഗസ്തി:*
*,, ജി. പ്രതാപവർമ്മ തമ്പാൻ:*
*,, കെ. എ. ചന്ദ്രൻ:*
*,, കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു കാർഷിക ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉപദേശക സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) ഈ സമിതി 2004 ജനുവരി മുതൽ ഇതുവരെ എത്ര യോഗങ്ങൾ കൂടിയിട്ടുണ്ട്;

(ഡി) ഈ യോഗങ്ങളിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; അവ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ഇല്ല.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

**വനിതാ വികസന പദ്ധതി**

95 [2848] *പ്രൊഫ. എ. ഡി. മുസ്തഫ:*
*ശ്രീ. കെ. എ. ചന്ദ്രൻ:*
*,, വർക്കല കഹാർ:*
*,, കെ. സുധാകരൻ:*
*,, ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ വനിതാ വികസന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ;

(ബി) ഈ പദ്ധതി എവിടെയെല്ലാം നടപ്പാക്കാനാണുദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതിക്കുവേണ്ടി ഈ വർഷം എന്തു തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതി പ്രകാരം സ്ത്രീകളുടെ എത്ര ഗ്രൂപ്പുകൾ രൂപീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly